No. MOSC/CMM/242/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമ്മുടെ ബാംഗ്ളൂർ മെത്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈക്കാരന്മാർക്കും, ഭരണസമിതിയംഗങ്ങൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നമ്മുടെ ബാംഗ്ളൂർ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ ഇപ്പോൾ ചുമതല നിർവ്വഹിച്ചുവരികയാണല്ലോ. നമ്മുടെ മുൻഗാമിയും, ഭാഗ്യസ്മരണാർഹനുമായ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ 04.08.2010– ലെ 410/2010– ാം നമ്പർ കല്പന പ്രകാരം ബാംഗ്ളൂർ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി ചുമതല ഏറ്റ നാൾ മുതൽ ഇന്നുവരെയും, മെത്രാസനത്തിനുവേണ്ടി രാപകൽ അദ്ധ്വാനിച്ച് പരിശുദ്ധ സഭാ മക്കളെ നല്ല വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വഴിനടത്തുവാൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായ്ക്ക് സാധിച്ചതിൽ സർവ്വശക്തനായ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയുടെ കാനോനാകളും കല്പനകളും അനുസരിച്ച്, ഉത്തമനും ശ്രേഷ്ഠനും വിശ്വസ്തനുമായ മേൽപ്പട്ടക്കാരന് യോഗ്യമായ വിധം ജീവിച്ച്, മെത്രാസനത്തിനും പരിശുദ്ധ സഭയ്ക്കാകമാനവും മാതൃകയാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞതിലും നാം ഏറെ സന്തോഷവാനാണ്. നല്ല ശിക്ഷണത്തിലും അച്ചടക്കത്തിലും ബാംഗ്ളൂർ  മെത്രാസന ഇടവകയിലെ വൈദികരെയും ഇടവകകളെയും പരിശീലിപ്പിക്കുവാൻ അദ്ദേഹത്തെ ദൈവം തമ്പുരാൻ ശക്തനാക്കിയതിൽ ദൈവതിരുനാമത്തെ നാം മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയുടെ ഭരണഘടനയ്ക്കനുസരണമായും, പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങൾക്ക് വിധേയമായും, പ. സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ ബലഹീനനായ നമ്മുടെ കല്പനകൾ അനുസരിച്ചും മെത്രാസന ഭരണം നിർവ്വഹിച്ചുവരുന്നതിൽ നമുക്കുള്ള സന്തോഷം അദ്ദേഹത്തെ നാം അറിയിക്കുകയുണ്ടായി.

വീണ്ടും, നമ്മുടെ തുമ്പമൺ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ സ്ഥാനത്യാഗം ചെയ്തതിനെത്തുടർന്ന് തുമ്പമൺ മെത്രാസനഭരണം നാം ഏറ്റെടുത്തിരിക്കുകയായിരുന്നുവല്ലോ. എന്നാൽ തുമ്പമൺ മെത്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായെ നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ 26.09.2023– ൽ സമ്മേളിച്ച യോഗത്തിന്റെ ആലോചനയും, അന്നേ

(മറുപുറം)

ദിവസം തന്നെ കോട്ടയം പഴയ സെമിനാരിയിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശയും സ്വീകാര്യമാണെന്ന് ദൈവാത്മാവിൽ നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ബാംഗ്ളൂർ മെത്രാസന ഇടവകയുടെ ചുമതലയിൽ നിന്നും അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ സ്ഥാനം ഒഴിഞ്ഞ സാഹചര്യത്തിൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഭരണഘടന 64-ാം വകുപ്പ് പ്രകാരം ഭദ്രാസന ഭരണം നാം ഏറ്റെടുത്തിരിക്കുന്നു. ബാംഗ്ളൂർ മെത്രാസന ഭരണത്തിൽ നമ്മെ സഹായിക്കുന്നതിനായി നമ്മുടെ മദ്രാസ് ഭദ്രാസനത്തിന്റെ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ നമ്മുടെ അസിസ്റ്റന്റായി 2023 സെപ്റ്റംബർ മാസം 27-ാം തീയതി മുതൽ നാം നിയമിച്ചിരിക്കുന്ന വിവരവും നാം നിങ്ങളെ അറിയിക്കുന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നുള്ള കൽപനകളും നിർദ്ദേശങ്ങളും നിങ്ങൾ ഏവരും അനുസരിക്കുകയും, വിശുദ്ധ കുർബാനയിൽ അദ്ദേഹത്തിന്റെ പേര് ഓർക്കുകയും നമ്മെയെന്നപോലെ അദ്ദേഹത്തെ ബഹുമാനിച്ചാദരിക്കുകയും വേണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 സെപ്റ്റംബർ മാസം 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.